**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4806** **11-08-2021 - ൽ മറുപടിയ്ക്ക്**

**ലൈറ്റ് മെട്രോ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആരംഭിക്കാനുദ്ദേശിക്കുന്ന ലൈറ്റ് മെട്രോ പദ്ധതികൾ സംബന്ധിച്ച് വിശദാംശങ്ങൾ നൽകാമോ; | (എ) | സംസ്ഥാനത്ത് തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലാണ് ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം നഗരത്തിൽ ടെക്നോസിറ്റി മുതൽ കരമന വരെയാണ് (21.821 കി.മീ., 19 സ്റ്റേഷനുകളോടെ) ലൈറ്റ് മെട്രോ പദ്ധതിയുടെ ആദ്യഘട്ടമായി രൂപകല്പന ചെയ്തിട്ടുള്ളത്. പദ്ധതി അടങ്കൽ തുക 4673 കോടി രൂപയാണ്. ഇത് കൂടാതെ ടെക്നോപാർക്ക് ഭാഗത്തെ ലൈറ്റ് മെട്രോയുമായി ബന്ധിപ്പിക്കുന്നതിനുള്ള സാധ്യതാ പഠനം പൂർത്തിയാക്കിയിട്ടുണ്ട്. കോഴിക്കോട് നഗരത്തിൽ മെഡിക്കൽ കോളേജ് മുതൽ മീഞ്ചന്ത വരെയാണ് (13.33 കി.മീ., 14 സ്റ്റേഷനുകളോടെ) ലൈറ്റ് മെട്രോ പദ്ധതിയുടെ ആദ്യഘട്ടമായി രൂപകല്പന ചെയ്തിട്ടുള്ളത്. പദ്ധതി അടങ്കൽ തുക 2773 കോടി രൂപയാണ്. കേന്ദ്ര – കേരള സർക്കാരുകളുടെ സംയുക്ത സംരംഭമായിട്ടാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. അടങ്കൽ തുകയുടെ (സ്ഥലമെടുപ്പിനുള്ള ചെലവ്, സംസ്ഥാന നികുതികൾ, പി.പി.പി. ഘടകം എന്നിവ കൂടാതെ) 20% വീതം കേന്ദ്ര – സംസ്ഥാന സർക്കാരുകൾ വഹിക്കുകയും, 60% വായ്പയും എന്ന രീതിയാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. കൂടാതെ സ്ഥലമെടുപ്പിന്റെ ചെലവ് പൂർണ്ണമായും സംസ്ഥാന സർക്കാർ ആണ് വഹിക്കേണ്ടത്. |
| (ബി) | തിരുവനന്തപുരത്ത് ലൈറ്റ് മെട്രോ പദ്ധതി ആരംഭിക്കുന്നതിനുള്ള വിശദപദ്ധതി റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. ഡി.എം.ആർ.സി തയ്യാറാക്കി സമർപ്പിച്ച തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ ഡി.പി.ആറിന് 2015 സെപ്റ്റംബറിൽ കേരള സർക്കാർ ഭരണാനുമതി നൽകി. തുടർന്ന് കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി പദ്ധതി സമർപ്പിച്ചു. കേന്ദ്ര നഗര വികസനമന്ത്രാലയത്തിൽ നിന്ന് പദ്ധതിയുടെ പരിശോധനയുടെ ഭാഗമായി ആവശ്യപ്പെട്ട അധിക വിവരങ്ങളും വിശദീകരണങ്ങളും കേരള സർക്കാർ ലഭ്യമാക്കി. |

| | | | |
|---|---|---|---|
| | | | 2017 ആഗസ്റ്റിൽ കേന്ദ്രസർക്കാർ പുതുക്കിയ മെട്രോറെയിൽ നയം പ്രഖ്യാപിച്ചു. കേന്ദ്രസർക്കാരിന്റെ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മെട്രോ പദ്ധതികളിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങൾ ഈ നയത്തിൽ പ്രതിപാദിച്ചിരുന്നു. തുടർന്ന് ഡി.എം.ആർ.സി. തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോപദ്ധതികളുടെ ഡി.പി.ആർ. പുതിയ കേന്ദ്രനയത്തി നനുസൃതമായി പുതുക്കി തയ്യാറാക്കി. പദ്ധതിയുടെ അടങ്കൽ തുക 7446 കോടി രൂപ (തിരുവനന്തപുരം - 4673 കോടി രൂപ, കോഴിക്കോട് - 2773 കോടി രൂപ) ആയി പുതുക്കി തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ പുതുക്കിയ ഡി.പി.ആറിന് 2021 ഫെബ്രുവരി 12- ലെ ജി.ഒ (എം.എസ്) നം.11/2021/പി.ഡബ്ല്യൂ.ഡി പ്രകാരം അംഗീകാരം നൽകുകയും പദ്ധതിക്ക് ഭരണാനുമതി നൽകുകയും ചെയ്തു. തുടർന്ന് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചു. |
| (സി) | പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി ലൈറ്റ് മെട്രോ ഡിപ്പോ, മേൽപ്പാലം എന്നിവ നിർമ്മിക്കുന്നതിന് സംസ്ഥാന സർക്കാർ തുക അനുവദിച്ചിട്ടുണ്ടോ; പദ്ധതി ചെലവ് എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ? | (സി) | ലൈറ്റ് മെട്രോ പദ്ധതിയുടെ മുന്നോടിയായി തിരുവനന്തപുരത്ത് ശ്രീകാര്യം, പട്ടം, ഉള്ളൂർ എന്നിവിടങ്ങളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കാൻ 2016 സെപ്റ്റംബറിൽ സർക്കാർ ഭരണാനുമതി നൽകി. കിഫ്ബി - യിൽ നിന്ന് ഇതിനുള്ള തുക ലഭ്യമാക്കാനും തീരുമാനിച്ചു. മൂന്ന് മേൽപ്പാലങ്ങൾക്കുമായി ആകെ 272 കോടി രൂപയാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ